VII. ക്രമപ്രശ്നം

വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന സബ്മിഷന് മറുപടി പറയുന്നതു സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്നലെ സബ്മിഷന്റെ അവസരത്തിൽ ശ്രീ. ജി. കാർത്തികേയൻ എസ്.എഫ്.ഐ ഒഴിച്ചുള്ള വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാൻ കേരളത്തിലെ ചില കോളേജുകളിൽ അവസരമില്ലെന്നു കാണിച്ച് സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപ്പോൾ പറഞ്ഞ മറുപടി ആ സബ്മിഷന് അദ്ദേഹം മറുപടി പറയുകയില്ല. ഒരു കാര്യത്തിനു മാത്രമേ മറുപടി പറയുകയുള്ളൂവെന്നാണ്. ശ്രീമതി മെഴ്സികുട്ടി അമ്മ തിരുവനന്തപുരം മുതൽ കാസർകോടുവരെയുള്ള പ്രദേശങ്ങളിലെ പട്ടയ പ്രശ്നം ഉന്നയിച്ചു. ഇന്നു രാവിലെ ആദ്യത്തെ സബ്മിഷൻ ശ്രീ. സതീശ്ചന്ദ്രന്റെ കാസർകോടു ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിൽ നിലവിലുള്ള എണ്ണൂറിൽപരം ഒഴിവുകളിൽ നിയമനം നടത്തുന്നതു സംബന്ധിച്ചാണ്. ഇതേ രൂപത്തിൽതന്നെയാണ് ശ്രീ. ജി. കാർത്തികേയൻ ഈ സഭയിൽ ഉന്നയിച്ചത്. അതിനു മറുപടി പറയാൻ പ്രയാസമാണ്. മറുപടി പറയുകയില്ല എന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. അതു സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണമെന്ന് ഞാൻ ആവശ്യപ്പെടുകയുണ്ടായി. അങ്ങ് റൂളിംഗ് നൽകാമെന്നും പറഞ്ഞു. ആ റൂളിംഗ് എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 304-ാം വകുപ്പു പ്രകാരം ഒരു പോയിന്റിനുള്ള സബ്മിഷന്റെ മറുപടിയാണ് പറഞ്ഞത്.

VIII. റൂളിംഗ്

വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന സബ്മിഷന് മറുപടി നൽകുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ ചെയർ അത് പരിശോധിച്ചു. ആ നോട്ടീസും നോക്കി, മുഖ്യമന്ത്രി ഇവിടെ പറഞ്ഞ മറുപടിയുടെ പ്രൊസീഡിംഗ്സും എടുത്തു നോക്കി. അതിൽ ശ്രീ. ജി. കാർത്തികേയന്റെ സബ്മിഷനിൽ ചില വിദ്യാർത്ഥിസംഘടനകളുടെ അക്രമപ്രവർത്തനങ്ങളെത്തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ആർട്സ് കോളേജ്, കാര്യവട്ടം കാമ്പസ്, എം.ജി. കോളേജ് തുടങ്ങിയ കോളേജുകളിൽ സ്വതന്ത്രമായി വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ കാര്യം റൂൾ 304 അനുസരിച്ച് സഭയിൽ ഉന്നയിക്കുന്നതിന് അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ സബ്മിഷൻ. ഇവിടെ സബ്മിഷന് റൂളുണ്ട് അതിനെ സംബന്ധിച്ച് ഇവിടെ തുടരുന്ന പ്രാക്ടീസുണ്ട്. സബ്മിഷൻ എന്നുപറയുന്നത് ഒരു വിഷയത്തെ സംബന്ധിച്ച കാര്യമാണ്. ഏതു വിഷയത്തെ സംബന്ധിച്ചും വളരെ വ്യാപ്തിയുള്ള വിഷയ

LIBRARY ARCHIVES Kerala Legislative Assembly